"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മലപ്പുറം ജില്ല, തുപ്പങ്ങോട് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയായിരുന്ന ശ്രീമതി. ബി. ബീഗം സൈനയ്ക്കെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.2017/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 19/09/2019

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 28.01.2015-ലെ ഇ10 (എസ് സി 66/2014/എംപിഎം)20835/2014 നമ്പർ കത്ത്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 04.03.2015-ലെ 1276/ഡി3/2015/വിജി. നമ്പർ കത്ത്

3 സർക്കാരിന്റെ 26.08.2015-ലെ 26/ഇപിബി3/15/തസ്വഭവ നമ്പർ കുറ്റപത്രം

4 ശ്രീമതി. ബി. ബീഗം സൈന സമർപ്പിച്ച 07.12.2015-ലെ പ്രതിവാദ പത്രിക

5 പഞ്ചായത്ത് ഡയറക്ടറുടെ 05.04.2016-ലെ ഡി4-34892/2015 നമ്പർ കത്ത്

6 സ.ഉ.(സാധാ) നം.949/2018/തസ്വഭവ തീയതി 04.04.2018

7 പഞ്ചായത്ത് ഡയറക്ടറുടെ 02.07.2018-ലെ ഡി4-34892/2015 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട്

<u>ഉത്തരവ്</u>

മലപ്പുറം ജില്ലയിലെ തുപ്പങ്ങോട് ഗ്രാമപഞ്ചായത്തിൽ വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ആകസ്മിക പരിശോധന നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. അന്വേഷണത്തിൽ തുപ്പങ്ങോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന അസിസ്റ്റന്റ് സെക്രട്ടറി ശ്രീമതി. ബീഗം സൈന, തുപ്പങ്ങോട് വില്ലേജിൽ സർവ്വേ നമ്പർ 37/3-ൽപ്പെട്ട നിലം ഭൂമിയിൽ ശ്രീ. മുഹമ്മദ് മുസ്തഫ എന്നവർക്ക് വാണിജ്യാവശ്യത്തിനുള്ള കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് അനുവദിക്കുകയും നമ്പർ നല്കുകയും ചെയ്തു എന്ന് കണ്ടെത്തുകയുണ്ടായി. തുടർന്ന് ടി

ക്രമക്കേടിന് ഉത്തരവാദിയായ അസിസ്റ്റന്റ് സെക്രട്ടറി ശ്രീമതി. ബീഗം സൈനയ്ക്കെതിരെ പരാമർശം ( 3 ) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീമതി. ബി. ബീഗം സൈന പരാമർശം ( 4 ) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ ശ്രീ. മുഹമ്മദ് മുസ്തഫ എന്നയാൾക്ക് പെർമിറ്റ് നല്കിയ ഭൂമിയിൽ 99-2000 മുതൽ നികുതി അടച്ചു വരുന്ന വീട് ഉണ്ടായിരുന്നതായും ആയത് പൊളിച്ചു മാറ്റി നിർമ്മിച്ച വാണിജ്യ കെട്ടിടത്തിനാണ് അനുമതി നല്കിയതെന്നും ടി സ്ഥലം കൃഷി യോഗ്യമല്ലെന്നും രണ്ടു കിലോമീറ്റർ ചുറ്റളവിൽ കൃഷി ഭൂമി നിലവിലില്ല എന്നും ബോധിപ്പിച്ചിട്ടുണ്ട്. ശ്രീമതി. ബി. ബീഗം സൈന സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം ( 5 ) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

ശ്രീമതി. ബി. ബീഗം സൈനയ്ക്ക് കഠിനശിക്ഷയുള്ള കുറ്റപത്രം നൽകിയാണ് അച്ചടക്ക നടപടി ആരംഭിച്ചിട്ടുള്ളത് എന്നതിനാൽ ടിയാരിയ്ക്കെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി 1960 - ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 അനുശാസിക്കും പ്രകാരം ശ്രീമതി. ബി. ബീഗം സൈനയ്ക്കെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തി പരാമർശം (7) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

ശ്രീ. മുഹമ്മദ് മുസ്തഫ എന്നവർ ടിയാന്റെ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ 37/3-ൽപ്പെട്ട സ്ഥലത്ത് 227.04 ച.മീ. വിസ്തൃതിയുള്ള കടമുറികൾ നിർമ്മിക്കുന്നതിന് 07.09.2012-ന് തൃപ്പങ്ങോട് ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും ആയത് തദ്ദേശ സ്വയംഭരണ വകുപ്പ് ഓവർസീയർ പരിശോധിച്ച് നിർമ്മാണം ബിൽഡിംഗ് റൂൾസ് പ്രകാരമാണെന്ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരാമർശിത കെട്ടിടത്തിന് പെർമിറ്റ് അനുവദിക്കുകയുണ്ടായിയെന്നും പ്രസ്തുത പെർമിറ്റ് പ്രകാരം കെട്ടിടഉടമ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ച് കെട്ടിട നമ്പർ അനുവദിക്കുന്നതിനായി ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായിയെന്നും അപേക്ഷ ഓവർസീയർ പരിശോധിച്ച് ടി കെട്ടിടം നിർമ്മിച്ചിരിക്കുന്നത് ബിൽഡിംഗ് റൂൾ പ്രകാരമാണെന്ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി കെട്ടിടത്തിലെ 8 കടമുറികൾക്ക് 7/247 സി മുതൽ 7/247 ജെ നമ്പറുകൾ അനുവദിച്ചതായി കാണുന്നുവെന്നും വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി ടി നമ്പറുകൾ പിന്നീട് 13/395 എ മുതൽ 13/395 എച്ച് കൂടി എന്നാക്കി അസസ്മെന്റ് രജിസ്റ്ററിൽ മാറ്റം വരുത്തിയതായും കാണുന്നുവെന്നും തൃപ്പങ്ങോട് വില്ലേജ് ഓഫീസറുടെ കൈവശ സർട്ടിഫിക്കറ്റ് പ്രകാരം പരാമർശിത ഭൂമിയുടെ തരം നിലം എന്നാണെന്നും അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീമതി. ബിഗം സൈനയ്ക്കെതിരായ അച്ചടക്ക നടപടിക്ക് കാരണമായ പ്രസ്തുത വാണിജ്യ കെട്ടിടം പണികഴിപ്പിച്ചിട്ടുള്ളത് നിലവിൽ ടി സ്ഥലത്ത് 1999-2000 കാലയളവുമുതൽ കെട്ടിട നികുതി അടവാക്കി വന്നിരുന്ന കെട്ടിടം പൊളിച്ചു മാറ്റിയിട്ടാണെന്നും ടി വിവരം

പരാമർശിത കെട്ടിട നിർമ്മാണാനുമതിയ്ക്കായുള്ള അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിരുന്ന പ്ലാനിൽ രേഖപ്പെടുത്തിയിരുന്നതായി കാണുന്നതായും മാത്രമല്ല, പരാമർശിത ഭൂമിയുടെ തരം 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിനു മുമ്പുതന്നെ മാറ്റപ്പെട്ടിട്ടുള്ളതാണെന്നും അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ 22.01.2011-ലെ 4545/അർഎ1/11/തസ്വഭവ നമ്പർ സർക്കുലറിലെ 1-ാം ഖണ്ഡികയിൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിലുള്ള നെൽവയലുകൾ, തണ്ണീർത്തടങ്ങൾ എന്നിവയ്ക്ക് മാത്രം ബാധകമായതിനാൽ പുതിയതായി നികത്തുന്നതിന് മാത്രമേ പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ ബാധകമാവുകയുള്ളുവെന്നും അതുകൊണ്ട് പ്രസ്തുത നിയമം നിലവിൽ വരുന്നതിന് കുറഞ്ഞത് 10 വർഷം മുമ്പ് നികത്തപ്പെട്ട സ്ഥലത്ത് കെട്ടിട നിർമ്മാണ അനുമതി നൽകാവുന്ന കെട്ടിടത്തിന്റെ തരം പ്രത്യേകമായി ടി സർക്കുലറിൽ രേഖപ്പെടുത്താത്തതിനാൽ ടി സർക്കുലറിലെ 1-ാം ഖണ്ഡികയിലെ വ്യവസ്ഥ പ്രകാരമാണ് പരാമർശിത കെട്ടിടത്തിന് കെട്ടിട നിർമ്മാണാനുമതിയും കെട്ടിട നമ്പറുകളും ശ്രീമതി. ബിഗം സൈന നൽകിയിട്ടുള്ളതെന്നും ടി സ്ഥലം കൃഷിയോഗ്യമല്ലെന്ന് ടിയാൾ നേരിൽ പരിശോധന നടത്തി ഉറപ്പ് വരുത്തിയതായും കൃഷി ഓഫീസർ നൽകിയ സാക്ഷ്യപത്രം കൂടി പരിഗണിച്ചതായി കാണുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇപ്രകാരം 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിനു മുമ്പുതന്നെ തരം മാറ്റപ്പെട്ട ഭൂമിയിലാണ് പരാമർശിത വാണിജ്യ കെട്ടിടത്തിന് കെട്ടിട നിർമ്മാണാനുമതിയും കെട്ടിട നമ്പറുകളും ടിയാൾ അനുവദിച്ച് നൽകിയിട്ടുള്ളതെന്നും ആയത് നൽകുന്നതിന് പിൻബലമായി ടിയാരി പരാമർശിച്ചിരിക്കുന്നത് സർക്കാരിന്റെ 22.01.2011-ലെ മേൽ പരാമർശിത സർക്കുലറിലെ ഒന്നാം ഖണ്ഡികയിലെ വ്യവസ്ഥയാണെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തുടർന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീമതി. ബി. ബീഗം സൈനയെ നേരിൽ കേട്ടു. സർക്കുലർ നിർദ്ദേശപ്രകാരം കമ്മിറ്റി കൂടിയാണ് ഈ വിഷയത്തിൽ തീരുമാനമെടുത്തതെന്നും നിലവിലുള്ള കരമടച്ചുവരുന്ന വീട് പൊളിച്ചുമാറ്റി പുതിയത് നിർമിക്കുന്നതിനാണ് അപേക്ഷിച്ചിരുന്നതെന്നും നേരിൽ കേട്ട വേളയിൽ ബോധിപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബിൽഡിംഗ് പെർമിറ്റ് നൽകിയത് വാണിജ്യ കെട്ടിടം പണിയുന്നതിനാണ് എന്ന് വ്യക്തമാണ്. മാത്രമല്ല, അതിനു നമ്പർ നൽകുകയും ചെയ്തിട്ടുണ്ട്. വാണിജ്യ കെട്ടിടങ്ങൾ ഈ സ്ഥലങ്ങളിൽ നിർമ്മിക്കുന്നതിന് അനുമതി നൽകുന്ന ഉത്തരവുകളൊന്നും നിലവിലില്ല. 2008-ലെ നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം നിലവിലുള്ള തണ്ണീർത്തടങ്ങൾ, നെൽവയലുകൾ എന്നിവ സംരക്ഷിക്കുന്നകാര്യമാണ് പ്രതിപാദിക്കുന്നതെന്നും നിയമം നിലവിൽ വരുന്നതിനു 10 വർഷങ്ങൾക്കുമുൻപ് നികത്തപ്പെട്ടവയിൽ വീട് വെക്കുന്നതിനു അനുമതി നൽകാവുന്നതാണെന്നും അതിനായി കൃഷി, റവന്യൂ പഞ്ചായത്ത്

വിഭാഗത്തിലെ ഉദ്യോഗസ്ഥരടങ്ങുന്ന കമ്മിറ്റി മാസം തോറും കൂടി ബിൽഡിങ് പെർമിറ്റ് അനുവദിക്കുന്നകാര്യം പരിഗണിക്കണമെന്നും, പഞ്ചായത്ത് സെക്രട്ടറിമാർ നടപടി സ്വീകരിക്കണമെന്നും 454/ആർഎ1/2011/തസ്വഭവ സർക്കുലർ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുപ്രകാരം കമ്മിറ്റി കൂടി തീരുമാനമെടുത്താണ് ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചതെന്ന വാദമാണ് ശ്രീമതി. ബീഗം സൈന ഉന്നയിച്ചത്. മിനിട് സിന്റെ പകർപ്പ് പരിശോധിച്ചതിൽ നിന്നും ഈ കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതി നൽകുന്ന കാര്യം മിനിട് സിൽ കാണുന്നില്ല. അപ്രകാരമായൊരു തീരുമാനം ഉണ്ടെങ്കിൽത്തന്നെ സർക്കുലറിന് വിരുദ്ധമായ തീരുമാനമാണെടുത്തതെന്നു കാണുന്നു.

2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമം പ്രാബല്യത്തിൽ വന്നതോടെ വീട് വെക്കുന്നതിന് പെർമിറ്റ് ലഭിക്കുന്നില്ലായെന്ന പരാതി പരിഗണിച്ച് അതിനുള്ള മാർഗ്ഗ നിർദ്ദേശമാണ് സർക്കുലർ നിർദ്ദേശത്തിൽ ഉൾപ്പെടുത്തിയിരുന്നത്. സർക്കുലറിന്റെ ആദ്യഭാഗം തന്നെ അതിനെക്കുറിച്ച് പ്രദിപാദിച്ചുകൊണ്ടാണ് തുടങ്ങുന്നത്. 300 ച. മീറ്ററിൽ കുറവുള്ളതും മറ്റൊരിടത്തും വീടില്ലാത്തവർക്കും കമ്മിറ്റിയുടെ ശുപാർശയനുസരിച്ച് വീട് വെക്കുന്നതിനു നൽകിയിരുന്ന അനുമതി കർശനമായി പാലിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. നികത്തപ്പെട്ട സ്ഥലങ്ങളിൽ 300 ച. മീറ്ററിൽ താഴെയുള്ളതും വീട് വയ്ക്കാൻ മറ്റു സ്ഥലങ്ങളില്ലാത്തവർക്കും വീട് വക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ് സർക്കാർ പുറപ്പെടുവിച്ചത്. എന്നാൽ അതിനു വിരുദ്ധമായി 113.52 ച.മീറ്റർ വിസ്തീർണമുള്ള വാണിജ്യ കെട്ടിടം പണിയുന്നതിന് അനുമതി നല്കിയിരിക്കുന്നതെന്നതിനാൽ വാണിജ്യ കെട്ടിടത്തിന് അനുമതി നൽകുകയും അതിനു 247 സി മുതൽ 247 ജെ വരെയുള്ള നമ്പർ നൽകുകയും ചെയ്തത് ചട്ടവിരുദ്ധമാണെന്നു കാണുന്നു. മേൽ സാഹചര്യത്തിൽ തുപ്പങ്ങോട് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയായിരുന്ന ശ്രീമതി. ബീഗം സൈനക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി ശ്രീമതി. ബി. ബീഗം സൈനയുടെ വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യമില്ലാതെ രണ്ടു വർഷത്തേക്ക് തടഞ്ഞ് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിജുകുട്ടന്.എം.എസ്**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. ശ്രീമതി. ബി. ബീഗം സൈന, അസിസ്റ്റന്റ് സെക്രട്ടറി, തുപ്പങ്ങോട് ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

7. വിജിലൻസ് വകുപ്പ്

(യു.ഒ റിമാർക്സ് നം.വിജി.ഡി4/79/2017/വിജി. തീയതി 31.05.2019പ്രകാരം)

8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/26/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ